<u>ശ്രീ. കെ. മുരളീധരൻ</u>: സർ, ഈ സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങൾ സംസാരിക്കുന്നത് വിവിധ ചാനലുകളിൽ എല്ലാ ദിവസവും രാത്രി 9.30 മുതൽ 10 മണി വരെ കളിയാക്കിക്കൊണ്ട് സംപ്രേഷണം ചെയ്യുന്നത് ശരിയല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും സംസാരിക്കുന്നത് ഒരു വിഷ്വൽ മാത്രം കാണിച്ച് ഹാസ്യ നടന്മാരെ ബാക്ക് ഗ്രൗണ്ടിൽ കൊടുത്ത് ഈ സഭയെ അപമാനിക്കുന്ന രീതി മോശമാണ്. അത് ഒരിക്കലും ശരിയല്ല. ഈ സഭയുടെ കസ്റ്റോഡിയനായ അങ്ങ് ഇക്കാര്യത്തിൽ ഉചിതമായ തീരുമാനമെടുക്കണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്.

<u>മി. സ്പീക്കർ</u>: മാദ്ധ്യമങ്ങൾ ഇക്കാര്യത്തിൽ മര്യാദ പാലിക്കണമെന്ന അഭിപ്രായം അങ്ങ് പറഞ്ഞത് ശരിയാണ്. പക്ഷേ ആക്ഷേപഹാസ്യം കുഞ്ചൻനമ്പ്യാരുടെ കാലം മുതൽ കേരളത്തിലുള്ളതാണ്. അതുകൊണ്ട് ആക്ഷേപ ഹാസ്യത്തെ നമുക്ക് തള്ളിക്കളയാൻ കഴിയില്ല. പക്ഷേ മാദ്ധ്യമങ്ങൾ ഇതിലൊരു മര്യാദയും അച്ചടക്കവും പാലിക്കുന്നത് നല്ലതാണ്. എന്തായാലും സഭയുടെ വികാരം മാദ്ധ്യമങ്ങളും കാണുന്നുണ്ടെന്ന് നമുക്ക് മനസ്സിലാക്കാം.